**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5955** **16-03-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ കാളം തിരുത്തി തൊട്ടുമ്പുറം തോട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങളായി നീരൊഴുക്കുള്ള പൊതുതോടുകളുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വിശദമാക്കാമോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 218 പ്രകാരവും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 208 എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരവും എല്ലാ പൊതുജല മാർഗ്ഗങ്ങളും (പഞ്ചായത്ത്/ മുനിസിപ്പൽ പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികൾ ഒഴികെയുളളത്) നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും ഡ്രയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിർക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും, കുളങ്ങളും, നീർത്തങ്ങളും, ജലധാരകളും, കിണറുകളും, കാപ്പകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റ് ജല സംഭരണികളും അവയോടു ചേർന്ന്കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടുത്തുളള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേയ്ക്ക്/ മുനിസിപ്പാലിറ്റിയിലേയ്ക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. |
| (ബി) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കാളം തിരുത്തി തൊട്ടുമ്പുറം തോട് ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് എന്തെങ്കിലും നിർദേശം സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ